## 729

*രീതി: വാഴ്ത്തുമെന്നും പരമേശനെ*

എന്റെ സമ്പത്തെന്നു ചൊല്ലുവാൻ വെറെയില്ലൊന്നും
യേശു മാത്രം സമ്പത്താകുന്നു
ചാവിനെ വെന്നുയിർത്തവൻ വാനലോകമതിൽ ചെന്നു
സാധുവെന്നെ ഓർത്തു നിത്യം താതനോടു യാചിക്കുന്നു

1 ക്രൂശിൽ മരിച്ചീശനെൻപേർക്കായ്
വീണ്ടെടുത്തെന്നെ സ്വർഗ്ഗ കനാൻ നാട്ടിലാക്കുവാൻ
പാപം നീങ്ങി ശാപം മാറി മൃത്യുവിന്മേൽ ജയമേകി
വേഗം വരാമെന്നുരച്ചിട്ടാമയം തീർത്താശ നൽകി-

2 തന്റെ പേർക്കായ് സർവ്വസമ്പത്തും
യാഗമായ് വച്ചിട്ടെന്നെന്നേക്കും തന്നിൽ പ്രേമമായ്
തന്റെ വേല ചെയ്തുകൊണ്ടും എന്റെ ക്രൂശ് ചുമന്നുകൊണ്ടും
പ്രാണപ്രിയൻ സേവയിലെൻ ആയുസ്സെല്ലാം കഴിച്ചിടും-

3 നല്ല ദാസൻ എന്നു ചൊല്ലുന്നാൾ
തന്റെ മുമ്പാകെ ലജ്ജിതനായ് തീർന്നുപോകാതെ
നന്ദിയോടെൻ പ്രിയൻമുമ്പിൽ പ്രേമകണ്ണീർ ചൊരിഞ്ഞിടാൻ
ഭാഗ്യമേറും മഹോത്സവ വാഴ്ചകാലം വരുന്നല്ലോ-

4 കുഞ്ഞാടാകും എന്റെ പ്രിയന്റെ
സീയോൻ പുരിയിൽ ചെന്നുചേരാൻ ഭാഗ്യമുള്ളതാൽ
ലോകമെന്നെ ത്യജിച്ചാലും ദേഹമെല്ലാം ക്ഷയിച്ചാലും
ക്ലേശമെന്നിൽ ലേശമില്ലാതീശനെ ഞാൻ പിന്തുടരും-

5 എന്റെ ദേശം ഇദ്ധരയല്ല
അന്യനായ് സാധു ഹാമിൻദേശം വിട്ടുപോകുന്നു
മേലിന്നെരുശലേമെന്നെ ചേർത്തുകൊൾവാനൊരുങ്ങിത്തൻ
ശോഭയേറും വാതിലുകളെനിക്കായിട്ടുയർത്തുന്നു-

6 എന്റെ രാജാവെഴുന്നള്ളുമ്പോൾ
തന്റെ മുമ്പാകെ ശോഭയേറും രാജ്ഞിയായിത്തൻ
മാർവ്വിലെന്നെ ചേർത്തിടും തൻപൊന്നു മാർവ്വിൽ മുത്തിടും ഞാൻ
ഹാ! എനിക്കീ മഹാഭാഗ്യം ദൈവമേ നീ ഒരുക്കിയേ!- **M.K.**